(ഡി) ഉണ്ട്. കരിപ്പൂർ വിമാനത്താവളത്തിൽ മുൻ മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക്, ഐ. യു. എം. എൽ. പ്രവർത്തകർ നൽകിയ സ്വീകരണ പരിപാടി റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകരെ ഐ. യു. എം. എൽ. പ്രവർത്തകർ ആക്രമിച്ച സംഭവത്തിൽ 11 മാധ്യമപ്രവർത്തകർക്ക് പരിക്കുപറ്റി. ആയതിലേക്ക് 19 ഐ. യു. എം. എൽ. പ്രവർത്തകരെ അറസ്റ്റു ചെയ്ത് നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേക്ക് കൊണ്ടോട്ടി പി. എസ്. ക്രൈം 655/04 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പദ്ധതി

119. [119] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്തിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ പ്രയോജനം ലഭിക്കാത്തവർക്ക് വേണ്ടി പുതിയ പദ്ധതി ആവിഷ്കരിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ വിഭാഗം ഗുണഭോക്താക്കളെ ഉദ്ദേശിച്ചാണ് ഈ പദ്ധതികൾ ആവിഷ്കരിക്കുന്നതെന്നറിയിക്കാമോ;

(സി) ഇത് എന്ന് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പിൽ ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി, സി) ബാധകമല്ല.

വിവിധ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പും പദ്ധതി നിർമ്മാണവും

120. [120] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപ്പാടം രാജ്യാന്തര കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ, എൽ. എൻ. ജി. ടെർമിനൽ രാജ്യാന്തര ബങ്കറിംഗ് ടെർമിനൽ, ഷിപ്പ് റിപ്പയർ ടെർമിനൽ, ക്രൂഡ് ടെർമിനൽ, സിറ്റി ഗ്യാസ് പ്രോജക്ട് എന്നീ പദ്ധതികൾക്ക് ആവശ്യമായ സ്ഥലമെടുപ്പ് എന്നത്തേക്ക് ആരംഭിച്ച് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിശ്ചിത സമയത്തുതന്നെ പദ്ധതികളുടെ പണി പൂർത്തിയാക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം ചെയ്യേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വല്ലാർപ്പാടം രാജ്യാന്തര കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ, എൽ. എൻ. ജി. ടെർമിനൽ, രാജ്യാന്തര ബങ്കറിംഗ് ടെർമിനൽ, ഷിപ്പ് റിപ്പയർ ടെർമിനൽ, ക്രൂഡ് ഓയിൽ ടെർമിനൽ എന്നിവ കൊച്ചി തുറമുഖത്തിന്റെ അധീനതയിൽ വരുന്ന സ്ഥലത്താണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. അതിനാൽ ഈ പദ്ധതികൾക്കുവേണ്ടി പ്രത്യേകം സ്ഥലം ഏടുക്കേണ്ട ആവശ്യം വരുന്നില്ല. എന്നാൽ വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ റോഡ് കണക്ടിവിറ്റിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ 2005 മെയ് മാസം ആരംഭിച്ചു കഴിഞ്ഞു. ഇത് 2006 ഫിബ്രവരി മാസത്തോടെ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. റെയിൽ കണക്ടിവിറ്റിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് 2006 ഫിബ്രവരി 15-ാമതെ ആരംഭിച്ച് 2006 മെയ് 31-ന് അകം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഈ പദ്ധതികളുടെ പണി നിശ്ചിത സമയ പരിധിക്കുള്ളിൽതന്നെ പൂർത്തീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

1. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിന്റെ റോഡ്/റെയിൽ കണക്ടിവിറ്റിക്കുള്ള സ്ഥലമെടുപ്പ്, പദ്ധതിക്ക് ആവശ്യമായ കേരള തീരദേശ മാനേജ്മെന്റ് അതോറിറ്റിയുടെ CRZ ക്ലിയറൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി സംബന്ധമായ ക്ലിയറൻസ് എന്നിവ ലഭ്യമാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ദ്രുതഗതിയിലുള്ള നടപടി ഏടുക്കേണ്ടതുണ്ട്.

2. വല്ലാർപ്പാടം രാജ്യാന്തര കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലിലേക്കുള്ള റോഡ്/റെയിൽ കണക്ടിവിറ്റി ബി. ഒ. ടി. കരാറുകാർ ടെർമിനലിന്റെ പണി തുടങ്ങുന്നതിനുമുമ്പ് 7/2007-ൽ തുടങ്ങുകയും 4/2009-ൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനു മുമ്പ് പൂർത്തിയാക്കുകയും ചെയ്യേണ്ടതുണ്ട്.ഇതിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തണം.

3. രാജ്യാന്തര ബങ്കറിംഗ് ടെർമിനൽ വഴി വിദേശരാജ്യങ്ങളിലേക്ക് പോകുന്ന കപ്പലുകൾക്കുള്ള ബങ്കറുകളെ വിൽപ്പന നികുതി/VAT-ൽ നിന്നും ഒഴിവാക്കുന്നതിന് കേരള ഗവൺമെന്റ് ദ്രുതഗതിയിലുള്ള നടപടി എടുക്കണമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly